## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2856** | **13.03.2018 ൽ മറുപടിയ്ക്ക്**

# കർഷക കൂട്ടായ്മകൾക്ക് കൃഷിയിറക്കുന്നതിന് പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| കർഷക കൂട്ടായ്മകൾക്കോ സംഘങ്ങൾക്കോ കൃഷി ഇറക്കുന്നതിന് തരിശ് ഭൂമികൾ താത്ക്കാലികമായി നൽകുന്നതിനും കൃഷിക്ക് വേണ്ടുന്ന പ്രോത്സാഹനവും സഹായങ്ങളും നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | കർഷക കൂട്ടായ്മകൾക്കും സംഘങ്ങൾക്കും തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് പ്രോൽസാഹനവും ആനുകൂല്യവും നൽകുന്നുണ്ട്. നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനിലങ്ങൾ താൽക്കാലികമായി ഏറ്റെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ഹെക്ടർ ഒന്നിന് ഒന്നാംവർഷം25000 രൂപ, രണ്ടാം വർഷം 5800 രൂപ മൂന്നാം വർഷം 3750 രൂപയും ഭൂവുടമയ്ക്ക് ഹെക്ടർ ഒന്നിന് ഒന്നാംവർഷം 5000 രൂപ, രണ്ടാം വർഷം 1200 രൂപ മൂന്നാം വർഷം 750 രൂപ പ്രകാരവും ആനുകൂല്യം നൽകുന്നുണ്ട്. പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം തരിശുഭൂമിയിൽ പച്ചക്കറികൃഷി ചെയ്യുന്നതിന് ഹെക്ടറിന് 25000 രൂപ കർഷകനും ഭൂവുടമയ്ക്ക് 5000 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. 2008- ലെ നെൽവയൽ തണ്ണീർതട നിയമ ഭേദഗതിയിലൂടെ നെൽകൃഷി ചെയ്യാവുന്ന പാടശേഖരങ്ങൾ ഉടമസ്ഥർ തരിശായിട്ടാൽ പ്രസ്തുത ഭൂമി കൃഷിക്കായി ഏറ്റെടുത്ത് കർഷക കൂട്ടായ്മകൾക്കോ, സംഘങ്ങൾക്കോ, കുടുംബശ്രീ യൂണിറ്റുകൾക്കോ കൃഷി ചെയ്യാൻ ഏൽപ്പിച്ചു കൊടുക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ